# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2569** **12.03.2020 ൽ മറുപടിയ്ക്ക്**

## വിദേശ മദ്യം തദ്ദേശീയ ഡിസ്റ്റലറികളിൽ ഉല്പാദിപ്പിക്കുമ്പോഴുണ്ടാകുന്ന നഷ്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിർമ്മിക്കേണ്ട വിദേശ മദ്യം, സംസ്ഥാനത്തെ ഡിസ്റ്റലറികളിൽ ഉല്പാദിപ്പിക്കുക വഴി ഇറക്കുമതി ചുങ്കം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ഡിസ്റ്റലറികളിൽ മറ്റ് സംസ്ഥാനങ്ങളിലെ ഡിസ്റ്റലറികൾ ഉത്പാദിപ്പിക്കുന്ന മദ്യത്തിന്റെ ബ്രാൻഡ് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ അധിക തുക ഈടാക്കുന്നുണ്ട് എങ്കിലും ഇത്തരം ഉത്പാദനം വഴി ഇറക്കുമതി ചുങ്കം ഇനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന ബ്രാൻഡുകൾ സംസ്ഥാനത്ത് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് പ്രസ്തുത ബ്രാന്റുകളുടെ രജിസ്ട്രേഷൻ, വിദേശമദ്യ (രജിസ്ട്രേഷൻ ഓഫ് ബ്രാൻഡ്) റൂൾസ് 1995, റൂൾ 3 പ്രകാരം അനുവദിച്ചിട്ടുള്ളതും ഇത് മുൻ സർക്കാരുകളുടെ കാലത്തുൾപ്പെടെ കാലാകാലങ്ങളായി അനുവദിച്ച് വരുന്നതുമാണ്. |
| (ബി) | 2019-2020-ൽ ഇറക്കുമതി ചുങ്കമായി സർക്കാരിന് ലഭിക്കേണ്ട എത്ര കോടി രൂപയാണ് ഇപ്രകാരം നഷ്ടമായതെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (ബി) | ഇതര സംസ്ഥാന ബ്രാൻഡുകൾ സംസ്ഥാനത്ത് ഉത്പാദിപ്പിച്ച് വിതരണം ചെയ്തത് വഴി 2019-2020- ൽ ഇറക്കുമതി ചുങ്കം ഇനത്തിൽ സർക്കാരിനുണ്ടായ ആകെ നഷ്ടം കണക്കാക്കിയിട്ടില്ല. സംസ്ഥാനത്തിന് പുറത്തുള്ള ഡിസ്റ്റലറികളിൽ നിന്നും മദ്യ ഇറക്കുമതി നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി ആണ് മദ്യത്തിന് ഉയർന്ന ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിട്ടുള്ളത്. ഇത്തരം മദ്യ നിർമാണം വഴി സർക്കാരിന് വരുമാന നഷ്ടം ഉണ്ടെങ്കിലും തദ്ദേശീയ ഡിസ്റ്റലറികളിൽ കൂടുതൽ ഉത്പാദനം നടക്കുക വഴി |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരം ഉണ്ടായിട്ടുള്ളതാണ്. |
| (സി) | ഇതര സംസ്ഥാന ബ്രാന്റുകൾ തദ്ദേശീയ ഡിസ്റ്റിലറികളിൽ നിർമ്മിക്കുവാൻ അനുമതി നൽകിയത് നിയമവിരുദ്ധമാണെന്ന് സി. ആന്റ് എ.ജി. കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇതര സംസ്ഥാന ബ്രാൻഡുകൾ തദ്ദേശീയ ഡിസ്റ്റലറികളിൽ നിർമ്മിക്കുവാൻ അനുമതി നൽകിയത് നിയമവിരുദ്ധമാണെന്ന് സി.&എ.ജി പരാമർശിച്ചിട്ടില്ല. ഇതര സംസ്ഥാന ബ്രാൻഡുകൾ സംസ്ഥാനത്ത് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ഈ ബ്രാന്റുകളുടെ ബ്രാൻഡ് രജിസ്ട്രേഷൻ വിദേശമദ്യ (രജിസ്ട്രേഷൻ ഓഫ് ബ്രാൻഡ്) റൂൾസ് 1995, റൂൾ 3 പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. |
| (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം ബോട്ടിലിംഗ് നടത്തുമ്പോൾ ഡിസ്റ്റിലറികളിൽ നിന്നും ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ അതേ മാതൃക തുടരുവാൻ എക്സൈസ് വകുപ്പ് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം ബോട്ടിലിംഗ് നടത്തുമ്പോൾ ഡിസ്റ്റലറികളിൽ നിന്നും ഫീസ് ഈടാക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ഇതര സംസ്ഥാന ബ്രാൻഡുകൾ തദ്ദേശീയ ഡിസ്റ്റലറികളിൽ നിർമ്മിക്കുവാൻ അനുമതി നൽകുന്നത് വഴി ഇറക്കുമതി ചുങ്കം ഇനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 2020-2021-ലെ മദ്യനയത്തിൽ വർഷങ്ങളായി തുടർന്നുവന്ന നിയമം മാറ്റി ഇതര സംസ്ഥാനങ്ങളിലെ ഡിസ്റ്റലറികൾ കേരളത്തിലെ ഡിസ്റ്റലറികളിൽ മദ്യം ഉത്പാദിപ്പിക്കുന്നതിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ